**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5857** **16-03-2023 - ൽ മറുപടിയ്ക്ക്**

**അരിയുടെ വിലവർദ്ധന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ. എ. കെ. എം. അഷ്റഫ്,<br>ശ്രീ. ടി. വി. ഇബ്രാഹിം ,<br>ശ്രീ. പി. അബ്ദുൽ ഹമീദ്** | | **ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം മൂലം ജനജീവിതം ദുസ്സഹമായിരിക്കുന്നത് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; | (എ) | ഒരു ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ അന്യ സംസ്ഥാനങ്ങളിലുണ്ടാകുന്ന അവശ്യസാധനങ്ങളുടെ ദൗർലഭ്യം, വിളനാശം, കാലാവസ്ഥാ വ്യതിയാനം, കടത്തുകൂലി വർദ്ധനവ് മുതലായ കാരണങ്ങളാൽ നിത്യോപയോഗ സാധനങ്ങൾക്ക് വില വർദ്ധനവിന് ഇടയാക്കാറുണ്ട്. പ്രധാനമായും അരി, മുളക്, മല്ലി മുതലായവയുടെ വിലയിൽ 2022 സെപ്തംബർ, ഒക്ടോബർ, നവംബർ, ഡിസംബർ എന്നീ മാസങ്ങളിൽ വിലക്കയറ്റം ഉണ്ടായിട്ടുള്ളതായി കാണുന്നു. എന്നിരുന്നാലും, കാര്യക്ഷമമായ വിപണി ഇടപെടൽ പ്രവർത്തനങ്ങളിലൂടെ, പൊതുവിപണിയിലെ അവശ്യവസ്തുക്കളുടെ വിലവർദ്ധനവ് നിയന്ത്രിക്കാനും അവശ്യവസ്തുക്കൾ കുറഞ്ഞ നിരക്കിൽ വിതരണം ചെയ്യുന്നതിനും സർക്കാർ നടപടികളെടുത്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി 13 ഇനം സബ്സിഡി സാധനങ്ങൾ (4 ഇനം അരി, പഞ്ചസാര, മുളക്, മല്ലി, 5 ഇനം പയറുവർഗ്ഗങ്ങൾ, വെളിച്ചെണ്ണ തുടങ്ങിയവ) പൊതു വിപണിയിലേതിനേക്കാൾ 20 മുതൽ 50 ശതമാനം വരെ വിലക്കുറവിൽ സപ്ലൈകോ വില്പനശാലകളിലൂടെ വിതരണം ചെയ്ത് വരുന്നു. മുളകിന് 70 ശതമാനത്തിലധികം സബ്സിഡി നൽകിയാണ് നിലവിൽ വില്പന നടത്തുന്നത്. പ്രസ്തുത സബ്സിഡി വില്പന വിലകൾ 2016 ഏപ്രിൽ മാസത്തിന് ശേഷം വർദ്ധിപ്പിച്ചിട്ടില്ല. ഇപ്രകാരം 13 ഇനം അവശ്യവസ്തുക്കൾ സപ്ലൈകോ വില്പനശാലകളിലൂടെ സബ്സിഡി നിരക്കിൽ വിതരണം ചെയ്തുതുമൂലം 2021-22 സാമ്പത്തിക വർഷം 270.68 കോടി രൂപയുടെയും 2022 -23 സാമ്പത്തിക വർഷം (2022 ഡിസംബർ വരെ) 430.79 കോടി |

രൂപയുടെയും പ്രയോജനം വിലക്കിഴിവിന്റെ രൂപത്തിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്.

സബ്സിഡിയിൽ വിൽക്കുന്ന ഉല്പന്നങ്ങൾ ഉൾപ്പെടെ 35 ഇനം അവശ്യ ഭക്ഷ്യധാന്യങ്ങൾ പൊതു വിപണിയേക്കാൾ 10 മുതൽ 20 ശതമാനം വരെ വിലക്കുറച്ച് ഫ്രീസെയിൽ സബ്സിഡി നിരക്കിൽ പൊതു ജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കി വരുന്നു. ഇത് കൂടാതെ തേയില, മല്ലിപ്പൊടി, മുളക്പൊടി, പുളി, ഏലം, മഞ്ഞൾപ്പൊടി, ആട്ട എന്നീ ഉല്പന്നങ്ങൾ സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ ‘ശബരി’ ബ്രാൻഡിൽ കർശന ഗുണ നിലവാര പരിശോധനയ്ക്ക് ശേഷം പൊതു വിപണി വിലയേക്കാൾ ഏകദേശം 20 മുതൽ 30 ശതമാനം വരെ വിലക്കുറവിൽ വിറ്റു വരുന്നു. ഇതിനുപുറമേ മറ്റ് അവശ്യ സാധനങ്ങളും, FMCG ഉല്പന്നങ്ങളും MRP യേക്കാൾ/മാർക്കറ്റ് വിലയേക്കാൾ 5 മുതൽ 30% വരെ വിലക്കുറവിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കി വരുന്നു. ഈ നടപടി മൂലം പൊതുവിപണിയിലുണ്ടാകുന്ന വിലക്കയറ്റം സാധാരണക്കാരിൽ അധിക ബാധ്യത ഏൽപ്പിക്കുന്നില്ലായെന്നതിൽ ഉറപ്പ് വരുത്തുന്നതിന് സാധിക്കുന്നുണ്ട്.

89 മെഡിക്കൽ സ്റ്റോറുകൾ അവശ്യമരുന്നുകളും, ജീവൻ രക്ഷാമരുന്നുകളും 13% മുതൽ 50% വരെ വിലക്കുറവിൽ ലഭ്യമാക്കി വരുന്നുണ്ട്. കൂടാതെ ബി.പി.എൽ കാർഡുടമകൾക്ക് എല്ലാ മരുന്നുകൾക്കും 25% കിഴിവുനൽകുന്നുമുണ്ട്.

റേഷൻ കടകൾ വഴി പ്രധാനമന്ത്രി ഗരീബ് കല്യാൺ അന്ന യോജന (PMGKAY) പദ്ധതി പ്രകാരം നല്കിയ അധിക ഭക്ഷ്യ ധാന്യം വിലക്കയറ്റം നിയന്ത്രണ വിധേയമാക്കുന്നതിന് സഹായിച്ചിട്ടുണ്ട്. കൂടാതെ വിലക്കയറ്റം പരിഹരിക്കുന്നതിനുള്ള വിഷയങ്ങൾ ചർച്ച ചെയ്ത് തീരുമാനിക്കുന്നതിനും ജില്ലാതലത്തിൽ ഓപ്പൺ മാർക്കറ്റ് മൊത്ത വ്യാപാരികളുടെയും വ്യാപാരി പ്രതിനിധികളുടെയും യോഗം ജില്ലാകളക്ടർമാരുടെ നേതൃത്വത്തിൽ ചേരുകയും വ്യാപാരി സമൂഹത്തെ കൂടി വിശ്വാസത്തിലെടുത്ത് വിലനിലവാരം പിടിച്ചു നിർത്താനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവ് തടഞ്ഞ് ന്യായവില ഉറപ്പാക്കുന്നതിന് ലീഗൽ മെട്രോളജി വകുപ്പുമായി സഹകരിച്ച് ശക്തമായ വിപണി പരിശോധനകൾ നടത്താറുമുണ്ട്.

| | | | |
|---|---|---|---|
| (ബി) | നിത്യോപയോഗ സാധനങ്ങളിൽ കൂടുതൽ പേർ ഉപയോഗിക്കുന്ന ജയ, ജ്യോതി എന്നീ ഇനം അരിയുടെ വിലക്കയറ്റം നിയന്ത്രിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (ബി) | നിത്യോപയോഗ സാധനങ്ങളിൽ കൂടുതൽ പേർ ഉപയോഗിക്കുന്ന ജയ, മട്ട (ജ്യോതി ഉൾപ്പെടെ) എന്നീ ഇനം അരിയുടെ വിലക്കയറ്റം നിയന്ത്രിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>ജയ അരിയും മട്ട അരിയും (ജ്യോതി ഉൾപ്പെടെ) സപ്ലൈകോ വിൽപ്പനശാലകളിലൂടെ സബ്സിഡി നിരക്കിലും ഫ്രീസെയിൽ നിരക്കിലും വിൽപ്പന നടത്തിവരുന്നുണ്ട്. പൊതുവിപണിയിൽ കിലോഗ്രാമിന് 56.54 രൂപ വിൽപ്പന വിലയുള്ള ജയ അരി 25 രൂപയ്ക്കും പൊതുവിപണിയിൽ കിലോഗ്രാമിന് 49.69 രൂപ വിൽപ്പന വിലയുള്ള മട്ട അരി (ജ്യോതി ഉൾപ്പെടെ) 24 രൂപയ്ക്കുമാണ് സബ്സിഡി നിരക്കിൽ സപ്ലൈകോ മാവേലി സ്റ്റോറുകൾ വഴി വിൽപ്പന നടത്തിവരുന്നത്. പ്രതിമാസം ശരാശരി 35 ലക്ഷത്തിലധികം കുടുംബങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നുണ്ട്. ഈ സാമ്പത്തിക വർഷത്തിൽ 2023 ഫെബ്രുവരി വരെ ഓരോ മാസവും സബ്സിഡി നിരക്കിൽ ജയ അരിയും മട്ട അരിയും (ജ്യോതി ഉൾപ്പെടെ) വിൽപ്പന നടത്തിയതിന്റെ വിവരങ്ങൾ **അനുബന്ധമായി** ചേർക്കുന്നു.<br><br>ഓണത്തിനുശേഷം അരിയുടെ ലഭ്യതയിൽ കുറവുണ്ടാവുകയും തന്മൂലം അരിവിലയിൽ കാര്യമായ വർദ്ധനവുണ്ടാകുകയും ചെയ്ത സാഹചര്യത്തിൽ പൊതു വിപണിയിലെ ഭക്ഷ്യ വസ്തുക്കളുടെ വിലവർദ്ധനവും, ദൗർലഭ്യവും പിടിച്ചു നിറുത്തുന്നതിനായി അടിയന്തിര സാഹചര്യം കണക്കിലെടുത്ത് സപ്ലൈകോ വില്പനശാലകളുടെ പ്രവർത്തനത്തിനൊപ്പം നിലവിലെ മൊബൈൽ മാവേലി വാഹനങ്ങൾ 'അരിവണ്ടി' എന്ന പേരിൽ 02-11-2022 മുതൽ 08-11-2022 വരെ 6 ദിവസത്തേക്ക് ( ഞായർ അവധി) എല്ലാ താലൂക്കുകളിലും എത്തിച്ചേരുന്ന വിധത്തിൽ താൽക്കാലികമായി പുനഃക്രമീകരിച്ച് സംസ്ഥാനത്തിലെ റേഷൻകാർഡുടമകൾക്ക് അരിയും മറ്റ് അവശ്യ ഭക്ഷ്യവസ്തുക്കളും ലഭ്യമാക്കുകയുണ്ടായി. സംസ്ഥാനത്തെ വിദൂര പ്രദേശങ്ങളിൽ (Remote) ഉൾപ്പെടുന്ന തീരദേശ, മലയോര, ആദിവാസി മേഖലകൾക്ക് മുൻഗണന നൽകിയാണ് 'അരിവണ്ടി' യുടെ സേവനം ക്രമീകരിച്ചത്. പൊതുവിപണിയിൽ അരി വില നിയന്ത്രിക്കുന്നതിന്റെ ഭാഗമായി സപ്ലൈകോയുടെ 'അരിവണ്ടി'കൾ വഴി ഒരാഴ്ച്ചകൊണ്ട് 1,31,464 കിലോ അരി സബ്സിഡി നിരക്കിൽ വിതരണം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| വർഷം | മാസം | സബ് സിഡി നിരക്കിൽ വില്പന നടത്തിയ അരിയുടെ അളവ് കിലോഗ്രാമിൽ | |
|---|---|---|---|
| | | ജയ അരി | മട്ട അരി (ജ്യോതി ഉൾപ്പെടെ) |
| 2022 | ഏപ്രിൽ | 3775194 | 2150674 |
| 2022 | മെയ് | 2725721 | 2153160 |
| 2022 | ജൂൺ | 3265943 | 2136835 |
| 2022 | ജൂലൈ | 3824535 | 2271749 |
| 2022 | ആഗസ്റ്റ് | 4650439 | 2192421 |
| 2022 | സെപ്തംബർ | 3639736 | 2102787 |
| 2022 | ഒക്ടോബർ | 3847777 | 2479364 |
| 2022 | നവംബർ | 4145921 | 2950180 |
| 2022 | ഡിസംബർ | 5180195 | 3240628 |
| 2023 | ജനുവരി | 5387855 | 3723250 |
| 2023 | ഫെബ്രുവരി | 5566344 | 3662500 |